## പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3348

21.12.2012 ൽ മറുപടിയ്ക്ക്

## കാർഷിക നയരൂപീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോവൂർ കുഞ്ഞുമോൻ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| **(എ)** സംസ്ഥാന കാർഷിക നയരൂപീകരണവുമായി ബന്ധപ്പെട്ട് നടന്ന ജില്ലാതല ചർച്ചയുടെയും സെമിനാറിന്റെയും തുടർ നടപടികൾ വിശദമാക്കുമോ; | **(എ)** സമഗ്രമായ കാർഷിക നയം രൂപീകരിക്കുന്നതിനായാണ് ജില്ലാതല ചർച്ചയും സെമിനാറും സംഘടിപ്പിക്കപ്പെട്ടത്. വിവിധ തലങ്ങളിൽ ഇത്തരം ചർച്ചകളും ഫീൽഡ് സന്ദർശനങ്ങളും ഇതുമായി ബന്ധപ്പെട്ട് നടത്തി വരുന്നു. ആശയ ക്രോഡീകരണമാണ് ഇപ്പോൾ നടക്കുന്നത്. ജനപ്രതിനിധികളേയും രാഷ്ട്രീയ പാർട്ടി പ്രതിനിധികളേയും കർഷകരേയും വിവിധ സംഘടന പ്രതിനിധികളേയും ഉൾപ്പെടുത്തി പല തട്ടിലായി അനേകം സിറ്റിംഗുകൾ കാർഷിക നയരൂപീകരണ ഉപ സമിതി ഇതിനോടകം നടത്തി കഴിഞ്ഞു.<br><br>ഈ തരത്തിൽ നടത്തിയ ചർച്ചകളിൽ നിന്നും ലഭിച്ചിട്ടുള്ള അഭിപ്രായം കൂടി ഉൾപ്പെടുത്തി കൊണ്ട് കാർഷിക നയത്തിന് രൂപീകരണം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| **(ബി)** കാർഷിക കടംമൂലം ദുരിതമനുഭവിക്കുന്ന കർഷകർക്ക് കടാശ്വാസ കമ്മീഷനിൽ അപേക്ഷിക്കുന്നതിന് അവസരമൊരുക്കുമോ; നാളിതുവരെ എത്ര കേസ്സുകൾ തീർപ്പാക്കി; ജില്ലതിരിച്ച് കണക്ക് വ്യക്തമാക്കുമോ; | **(ബി)** 2006 ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്ട് നിലവിൽ വന്ന 18.1.2007 നോ അതിനുമുമ്പോ സഹകരണ സംഘങ്ങൾക്കോ ലൈസൻസ് പ്രകാരമോ അല്ലാതെയോ പണം കടം കൊടുക്കലിൽ ഏർപ്പെട്ടിരിക്കുന്ന ആൾക്കോ നൽകാനുള്ള ബാധ്യതയ്ക്ക് (കാർഷിക വായ്പകളോ കാർഷികാനുബന്ധ വാണിജ്യ വായ്പകളോ) നിലവിൽ കടാശ്വാസം അനുവദിക്കുന്നുണ്ട്. എന്നാൽ അപേക്ഷ നൽകുന്നതിനുള്ള അവസാനതീയതി 31.5.2009 ആയി നിശ്ചയിച്ചിരുന്നതിനാൽ നിലവിൽ അപേക്ഷ സ്വീകരിക്കുന്നില്ല. പ്രസ്തുത തീയതി |

ദീർഘിപ്പിക്കുകയോ എടുത്തുമാറ്റുകയോ ചെയ്യുന്ന കാര്യം പരിശോധിച്ചുവരുന്നു. വയനാട് ജില്ലയിലെ കാർഷിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ജില്ലയിലെ കർഷകരുടെ 31.10.2011 വരെയുള്ള കടങ്ങൾ കൂടി കടാശ്വാസ കമ്മീഷന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. ആയതനുസരിച്ച് കടാശ്വാസത്തിനായുള്ള അപേക്ഷകൾ സ്വീകരിച്ചുവരുന്നു.

നാളിതുവരെ തീർപ്പാക്കിയ അപേക്ഷകളുടെ ജില്ലതിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | തീർപ്പാക്കിയ അപേക്ഷകൾ |
|---|---|---|
| 1 | തിരുവനന്തപുരം | 24090 |
| 2 | കൊല്ലം | 3060 |
| 3 | പത്തനംതിട്ട | 2735 |
| 4 | ആലപ്പുഴ | 5618 |
| 5 | കോട്ടയം | 2483 |
| 6 | ഇടുക്കി | 72826 |
| 7 | എറണാകുളം | 1614 |
| 8 | തൃശ്ശൂർ | 2570 |
| 9 | പാലക്കാട് | 20334 |
| 10 | മലപ്പുറം | 12143 |
| 11 | കോഴിക്കോട് | 21555 |
| 12 | വയനാട് | 93271 |
| 13 | കണ്ണൂർ | 20850 |
| 14 | കാസറഗോഡ് | 25740 |
| | **ആകെ** | **308889** |

**(സി)** കർഷക പെൻഷൻ നാളിതുവരെ എത്രപേർക്ക് നടപ്പിലാക്കി നൽകിയിട്ടുണ്ട്; ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കാമോ?

**(സി)** കർഷക പെൻഷൻ പദ്ധതി പ്രകാരം നാളിതുവരെ 2,07,844 ഗുണഭോക്താക്കൾക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ട്.

ജില്ല തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം | 8145 |
| കൊല്ലം | 13091 |
| പത്തനംതിട്ട | 9034 |
| ആലപ്പുഴ | 10953 |

| | |
|---|---|
| കോട്ടയം | 18220 |
| ഇടുക്കി | 8997 |
| എറണാകുളം | 15910 |
| തൃശ്ശൂർ | 23339 |
| പാലക്കാട് | 16486 |
| മലപ്പുറം | 19600 |
| കോഴിക്കോട് | 27574 |
| വയനാട് | 7568 |
| കണ്ണൂർ | 19789 |
| കാസർഗോഡ് | 9138 |
| | |
| **ആകെ:** | **207844** |

സെക്ഷൻ ഓഫീസർ